# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>സാമൂഹിക വനവല്‍ക്കരണവും വനസംരക്ഷണവും</u>**

5275 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹിക വനവല്‍ക്കരണത്തിന്റെയും വനസംരക്ഷണത്തിന്റെയും ഭാഗമായി ഇപ്പോള്‍ നടന്നുവരുന്ന പ്രധാന പ്രവര്‍ത്തനങ്ങള്‍ ഏതൊക്കെയാണ്;

(ബി) ഈ സംരക്ഷണപ്രവര്‍ത്തനം കൂടുതല്‍ കാര്യക്ഷമമാക്കുവാനായി ഓരോ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ, താലൂക്കോ കേന്ദ്രീകരിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന അഞ്ചോ അതിലധികമോ ഏക്കര്‍ ഭൂമി ഏറ്റെടുത്ത് അവിടെ പ്രകൃതിദത്തമായ ആവാസവ്യവസ്ഥകളോടുകൂടിയ നിബിഡവനം നിര്‍മ്മിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### മാതൃകാ സ്വാഭാവിക വനം

5276 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാതൃകാ സ്വാഭാവിക വനം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എവിടെയാണ് ഈ പദ്ധതി ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**വനസംരക്ഷണ പ്രവർത്തനങ്ങൾ**

5277 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ജീവനക്കാർ വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇതിനായി വനത്തിനുള്ളിൽ സോളാർ സംവിധാനത്തോടെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുമോ ;

(സി) വനസംരക്ഷണത്തിനുള്ള ഉദ്യോഗസ്ഥർക്ക് പുതിയ യൂണിഫോം ഏർപ്പെടുത്തുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വനസംരക്ഷണ സമിതികൾ**

5278 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള വനം സംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സമിതികൾക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഫോറസ്റ്റ് ടൂറിസം വികസനം</u>

5279 ശ്രീ. കെ. മുരളീധരൻ
'' വി. പി. സജീന്ദ്രൻ
'' ലൂഡി ലൂയിസ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ടൂറിസത്തിനായി വനം വികസന കോർപ്പറേഷന്റെയും വനം വകുപ്പിന്റെയും കീഴിലുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങളിലേക്ക് ടൂർപാക്കേജുകൾ തുടങ്ങുന്ന കാര്യം ആലോചനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിലെ റെസ്റ്റ് ഹൗസുകൾ, ക്യാമ്പ് ഷെഡുകൾ, ലോഗ് ഹൗസുകൾ എന്നിവ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കി കൊടുക്കുമോ ;

(സി) സഞ്ചാരികൾക്ക് ആവശ്യമുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഇന്റൻസീവ് ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതി**

5280 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഇന്റൻസീവ് ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് സംരക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കാടുകൾ എത്രയാണ് ; വിശദമാക്കുമോ ;

(സി) എന്ത് തുകയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിട്ടുളളത് ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### വനം വകുപ്പിൽ ആധുനികവൽക്കരണം

5281 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ആധുനീകരണം നടപ്പാക്കുന്നത് സംബന്ധിച്ച് വിദഗ്ദസമിതി പഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത സമിതി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) റിപ്പോർട്ടിൽ ആധുനികവൽക്കരണം സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നപടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ</u>

5282 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങളാണ് സ്വകാര്യ വ്യക്തികൾ നടത്തിവരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തോട്ടങ്ങൾ ഏറ്റെടുത്തു;

(സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**നെല്ലിയാമ്പതി തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം**

5283 **ശ്രീ. വി. ചെന്താമരാക്ഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഏറ്റെടുത്ത നെല്ലിയാമ്പതിയിലെ തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴില്‍ ഉറപ്പാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആയൂർ ടൗണിലുളള വനം വകുപ്പിന്റെ സ്ഥലം**

5284 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്‌പോർട്‌സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആയൂർ ടൗണിന്റെ ഹൃദയഭാഗത്ത് വനം വകുപ്പിന്റെ 10 സെന്റ് സ്ഥലം കാട് മൂടി യാതൊരു പ്രയോജനവും ഇല്ലാത്ത അവസ്ഥയിൽ കിടക്കുകയാണെന്നുളളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം വിനിയോഗിക്കുന്നതിന് വനം വകുപ്പ് എന്ത് പദ്ധതിയാണ് ആവിഷ്‌ക്കരിച്ചിട്ടുളളത്;

(സി) പ്രസ്തുത സ്ഥലം ഉപയുക്തമാക്കി തീർക്കുന്നതിനായി ഈ സ്ഥലം ഉൾക്കൊളളുന്ന ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന് ആയത് വിട്ടുനൽകുന്നതിനുളള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കൊല്ലം കിഴക്കൻ മേഖല റിസർവ്വ് വനത്തിലെ കാട്ടുതീ**

**5285 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിലെ റിസർവ്വ് ഫോറസ്റ്റിൽ ഈയിടെ ഉണ്ടായ കാട്ടുതീയുടെ കാരണം കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചു; നഷ്ടം കണക്കാക്കിയിട്ടുണ്ടോ?**

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**ഓഫീസ് വളപ്പിലെ മരംമുറിച്ച നടപടി**

**5286 ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഓഫീസ് കോമ്പൗണ്ടുകളിൽ നിന്നും മരങ്ങൾ മുറിയ്ക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരങ്ങൾ മുറിക്കുന്നതിന് മുൻപ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) ഏത് വകുപ്പാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്; ഇപ്രകാരം നടപടികൾ പൂർത്തിയാക്കാതെ നഗരത്തിലെ ഏതെങ്കിലും ഓഫീസ് കോമ്പൗണ്ടിൽ നിന്നും മരങ്ങൾ മുറിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഓഫീസിനെ കുറിച്ചാണ് പരാതി ഉണ്ടായിട്ടുള്ളത്; പ്രസ്തുത ഓഫീസ് മേധാവിയുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കുറ്റ്യാടി റേഞ്ചില്‍ ഇ. എഫ്. എല്‍. നിയമപ്രകാരം ഏറ്റെടുത്ത ഭൂമി**

5287

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വനം വകുപ്പിന്റെ കുറ്റ്യാടി റേഞ്ചിന്റെ പരിധിയില്‍ ഇ. എഫ്. എല്‍. നിയമപ്രകാരം എത്ര കൈവശകൃഷിക്കാരുടെ ഭൂമി സര്‍ക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തില്‍ ഭൂമി സര്‍ക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ നടപടിക്കെതിരെ കൃഷിക്കാര്‍ കേസ് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ ഏത് കോടതിയിലാണ് കേസ് നല്‍കിയിട്ടുളളതെന്നും കേസ് സംബന്ധമായി സര്‍ക്കാര്‍ അഡ്വക്കേറ്റുമാര്‍ക്ക് വകുപ്പില്‍ നിന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്റ്റേറ്റ്മെന്റുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഫോറസ്റ്റ് ഗാർഡുമാരുടെ എണ്ണം**

**5288** **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിചെയ്ത് വരുന്ന ഫോറസ്റ്റ് ഗാർഡുമാരുടെ എണ്ണം ഡിവിഷൻ തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വനഭൂമിയുള്ള ഫോറസ്റ്റ് ഡിവിഷൻ ഏതാണെന്നറിയിക്കുമോ ;

(സി) ഫോറസ്റ്റ് ഗാർഡുമാർക്ക് നിലവിൽ നൽകിവരുന്ന ആയുധങ്ങൾ ഏതൊക്കെയാണ് ;

(ഡി) ഈ ആയുധങ്ങൾ വന സംരക്ഷണത്തിന് പര്യാപ്തമാണോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വനംവകുപ്പിലെ ജീവനക്കാരുടെ വർദ്ധന</u>

5289 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള വനം വകുപ്പിലെ റിസർവ്വ് ഫോറസ്റ്റ് വാച്ചർ മുതൽ റെയിഞ്ച് ഓഫീസർ വരെയുള്ളതും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുതൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വരെയുള്ളതുമായ ജീവനക്കാരുടെ എണ്ണത്തിൽ കഴിഞ്ഞ 15 വർഷത്തിനുള്ളിലുണ്ടായ വർദ്ധന തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**തേക്കടി പെരിയാർ ടൈഗർ റിസർവ്വ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് തസ്തിക**

5290

**ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തേക്കടി പെരിയാർ ടൈഗർ റിസർവ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് തസ്തിക തിരുവനന്തപുരം ഹെഡ്ക്വാർട്ടേഴ്സിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള അടിയന്തിര പ്രാധാന്യമെന്തെന്ന് വിശദമാക്കുമോ;

(ബി) തേക്കടി റെയിഞ്ച് ഓഫീസിലെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഓഫീസിലെ ഏത് തസ്തികയിലുള്ള ജീവനക്കാരനാണ് ഇത് കൈകാര്യം ചെയ്തുകൊണ്ടിരുന്നത്; ഇപ്പോൾ ആരാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകാൻ വേണ്ടി തസ്തികകൾ പുനർവിന്യസിക്കുന്ന നടപടി നിയമാനുസൃതമാണോ; വ്യക്തമാക്കാമോ;

(ഡി) അല്ലെങ്കിൽ ഇത്തരം പുനർവിന്യാസം വഴി നേടിയ സ്ഥലംമാറ്റങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പാമ്പുകടിയേറ്റവര്‍ക്ക് ചികിത്സയ്ക്ക് ധനസഹായം**

5291 **ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാമ്പു കടിയേറ്റവര്‍ക്ക് ചികിത്സയ്ക്ക് വനം വകുപ്പ് ധനസഹായം അനുവദിക്കാറുണ്ടോ

(ബി) ഉണ്ടെങ്കില്‍ അത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍
വിശദമാക്കാമോ;

(സി) അപേക്ഷ നല്‍കേണ്ടത് ആര്‍ക്കാണ്; അപേക്ഷയോടൊപ്പം ഏതെല്ലാം രേഖകള്‍ ഹാജരാക്കണമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പാമ്പുകടിയേറ്റ് മരണം-ആശ്രിതര്‍ക്ക് ധനസഹായം**

5292 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

കാട്ടില്‍വെച്ച് പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതര്‍ക്കുള്ള മൂന്ന് ലക്ഷം രൂപ ധനസഹായം നാട്ടില്‍വെച്ച് പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതര്‍ക്കും അനുവദിക്കുന്നതിന് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### കാട്ടാനശല്യം

5293 ശ്രീ. വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാട്ടാനകളുടെ ആക്രമണം മൂലം ആള്‍നാശവും കൃഷി നാശവും കൂടുതലായ മേഖലയില്‍ ആനകളുടെ ശല്യം കുറയ്ക്കുവാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ആനകളെ മയക്കുവെടി വെച്ച് തളച്ച് ആനക്കൂട്ടത്തിലെത്തിച്ച് മെരുക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(സി) ആനകളെ ചട്ടം പഠിപ്പിക്കുന്ന ആനക്കൂടുകള്‍ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മലക്കപ്പാറ, വാഴച്ചാൽ, അതിരപ്പിള്ളി മേഖലകളിലെ വന്യമൃഗശല്യം**

5294 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ, വാഴച്ചാൽ, അതിരപ്പിള്ളി മേഖലകളിൽ പുലി, ആന തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം നിരന്തരമായി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ നിന്ന് സംരക്ഷണം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) മലക്കപ്പാറയിലെ ടാറ്റാ ടീ എസ്റ്റേറ്റിലും പരിസരങ്ങളിലും നിരന്തരമായി ആനകളിൽ നിന്ന് ആക്രമണം ഉണ്ടാകുന്നത് തടയുന്നതിനായി തൊഴിലാളികളുടെ ക്വാർട്ടേഴ്സിന് ചുറ്റും ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മലക്കപ്പാറയിലെ ടാറ്റാ ടീ കമ്പനി തൊഴിലാളികളുടെ സംരക്ഷണത്തിനായി നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഉറപ്പു നൽകിയെങ്കിലും ഇതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സുവോളജിക്കൽ പാർക്ക്**

5295 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സുവോളജിക്കൽ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് ഏതു വിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന് അനുയോജ്യമായ പ്രദേശം ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് തീരുമാനിക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കണ്ടല്‍ കാടുകള്‍**

**5296 ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തില്‍ കണ്ടല്‍ കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കണ്ടല്‍ കാടുകളെക്കുറിച്ച് സര്‍വ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ നിലവില്‍ എത്ര ഹെക്ടര്‍ കണ്ടല്‍ കാടുകള്‍ ഉണ്ടെന്നും എത്ര ഹെക്ടര്‍ നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) കണ്ടല്‍ക്കാടുകള്‍ സംരക്ഷിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മൃഗത്തോൽ വീട്ടിൽ സൂക്ഷിക്കുന്നവർക്കെതിരെ പൊതു താൽപര്യഹർജി**

5297 **ശ്രീ. ബാബു എം. പാലിശ്ശേരി**
**,, ബി. സത്യൻ**
**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളെ വേട്ടയാടി അവയുടെ തോലും മറ്റ് ശരീര ഭാഗങ്ങളും കൈവശം വയ്ക്കുന്നത് തടയുന്നതിന് നിലവിലെ നിയമ വ്യവസ്ഥ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള ബാദ്ധ്യതകൾ ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ തോൽ വീട്ടിൽ സൂക്ഷിക്കുന്നവരെയും ആ വിവരം ലഭിച്ചാൽ റിപ്പോർട്ടു ചെയ്യാത്തവരെയും ശിക്ഷിക്കാൻ വന്യജീവി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇപ്രകാരം തോൽ സൂക്ഷിക്കുന്നവരെയും ആ വിവരം റിപ്പോർട്ടു ചെയ്യാത്തവരെയും കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) മൃഗത്തോൽ വീട്ടിൽ സൂക്ഷിക്കുന്നവരെ തനിക്കറിയാമെന്ന ചില അധികാരികളുടെ പ്രഖ്യാപനത്തിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ വെളിപ്പെടുത്തൽ സംബന്ധിച്ച് ഏതെങ്കിലും പൊതു താല്പര്യ ഹർജി ഹൈക്കോടതിയിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 05.07.2012 -ലെ മറുപടിക്ക്

**കോടനാട് മൃഗശാല - അഭയാരണ്യം**

5298 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോടനാട് കപ്രക്കാട്ടെ മൃഗശാല അഭയാരണ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അഭയാരണ്യത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) മാസ്റ്റർ പ്ലാന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) കോടനാട്ടെ റസ്ക്യൂ സെന്ററിൽ നിന്നും മൃഗങ്ങളെ അഭയാരണ്യത്തിലേക്കു മാറ്റുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണ്; അഭയാരണ്യത്തിന്റെ വിപുലീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(എഫ്) അവിടെ വിവിധ ഇനം ഔഷധ സസ്യങ്ങളും വൃക്ഷങ്ങളും നട്ടുവളർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം അറിയിക്കുമോ?

(ജി) കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും അഭയാരണ്യത്തിലേക്ക് കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ; ഇപ്പോഴുള്ളവയുടെ എണ്ണം ഇനം തിരിച്ച് അറിയിക്കുമോ;

(എച്ച്) ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; നിലവിലുള്ളവരുടെ വിവരം നൽകുമോ;

(ഐ) അഭയാരണ്യത്തിലെ നിർമ്മാണ പ്രവൃത്തികൾക്കും മറ്റു സംവിധാനങ്ങൾക്കുമായി ഇതിനകം ഏതെല്ലാം ഏജൻസികൾ എത്ര തുക വീതം ചെലവഴിച്ചു എന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പ്ലൈവുഡ് ഫാക്ടറികളുടെ പ്രവര്‍ത്തനാനുമതി</u>

5299

ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര പ്ലൈവുഡ് ഫാക്ടറികള്‍ക്കാണ് പ്രവര്‍ത്തനാനുമതി നല്‍കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പുതിയ പ്ലൈവുഡ് ഫാക്ടറികള്‍ അനുവദിക്കുമ്പോള്‍ പ്രവര്‍ത്തനാനുമതിക്കായി തുക ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) തടിയധിഷ്ഠിത വ്യവസായങ്ങള്‍ തുടങ്ങുന്നതിന് ഏതെല്ലാം വകുപ്പുകളുടെ അനുമതികളാണ് വേണ്ടത്; ആയവ ലഭിക്കുന്നതിന് ഏര്‍പ്പെടുത്തിയിരിക്കുന്ന ഫീസ് ഘടന വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന് കഴിഞ്ഞ ഒരു വര്‍ഷക്കാലം തടിയധിഷ്ഠിത വ്യവസായങ്ങള്‍ക്ക് അനുമതി നല്‍കിയതു വഴി എത്ര തുകയുടെ വരുമാനം ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### ദേശീയ ഗെയിംസ്

5300 ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ദേശീയ ഗെയിംസ് കേരളത്തിൽവച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഇനിയും നടത്തപ്പെടേണ്ടത് ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കേരളത്തിൽ ദേശീയ ഗെയിംസ് നടത്തിപ്പ്**

5301 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്;

(സി) ഓരോ പ്രദേശത്തും നടത്തുന്ന ഇനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇവയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഇ) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള ടീമിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ, ഇവർക്കുള്ള പരിശീലനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**35-ാമത് നാഷണൽ ഗെയിംസ്**

5302 ശ്രീ. എം. എ. ബേബി
,, എസ്. ശർമ്മ
,, വി. ശിവൻകുട്ടി
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 35-ാമത് നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം പ്രോജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെല്ലാമാണ് പദ്ധതിയിട്ടിരുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചും വ്യക്തമാക്കാമോ; ഇതിനായി ടെൻഡർ നടപടികളിൽ എത്ര സ്ഥാപനങ്ങൾ പങ്കെടുത്തു ; അവയേതെല്ലാമെന്നും ഏത് സ്ഥാപനത്തെയാണ് സെലക്ട് ചെയ്തതെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>കായിക നയം</u>**

5303 **ശ്രീ. കെ. മുരളീധരൻ**
**,, കെ. ശിവദാസൻ നായർ**
**,, പി. സി. വിഷ്ണുനാഥ്**
**,, റ്റി. എൻ. പ്രതാപൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സ്പോർട്സ് സ്നേഹികളായ പുതിയ തലമുറയെ സൃഷ്ടിക്കുന്നതിനും അവരെ കായിക രംഗത്ത് നില നിർത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;**

(ബി) **ഇതിനായി പുതിയ കായിക നയത്തിന് രൂപം നൽകുമോ;**

(സി) **ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' പദ്ധതി**

5304 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലെ ഏതൊക്കെ സ്കൂളുകളിലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമായി വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### ഫുട്ബോൾ ടീമിന് പ്രോത്സാഹനം

5305

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഫുട്ബോളിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനും മികച്ച ഫുട്ബോൾ ടീമിനെ വാർത്തെടുക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുട്ടികളെ നല്ല ഫുട്ബോൾ കളിക്കാരായി വാർത്തെടുക്കാൻ തക്ക രീതിയിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഫുട്ബോൾ കളിക്ക് പ്രോത്സാഹനം**

**5306 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) കാൽ നൂറ്റാണ്ടായി ഫുട്ബോൾ രംഗത്ത് പ്രവർത്തിക്കുന്നതും ഫുട്ബോൾ കളിയിൽ അഭിരുചിയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതുമായ കൊയിലാണ്ടി എ. കെ.ജി സ്പോർട്സ് സെന്ററിന് സ്വന്തമായി ആസ്ഥാനവും ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**സ്കൂളുകളിൽ മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ**

**5307** **ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്പോർട്സ് വകുപ്പ് സ്കൂളുകളിൽ മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **എങ്കിൽ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;**

(സി) **പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സ്കൂളുകൾക്കും ക്ലബുകൾക്കും കായിക ഉപകരണങ്ങൾ</u>

5308 ശ്രീ. ഷാഫി പറമ്പിൽ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്കും ക്ലബുകൾക്കും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് വകുപ്പ് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ് ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ജി. വി. രാജാ കായിക സ്കൂളിലെ സൗകര്യങ്ങള്‍</u>

5309 **ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ജി. വി. രാജ കായിക സ്കൂളിലെ വിദ്യാര്‍ത്ഥികള്‍ക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങളും ആഹാരവും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാലയത്തിലെ കുട്ടികള്‍ക്ക് നല്കുന്ന ഭക്ഷണ മെനു എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഒരുമാസം ഒരു കുട്ടിക്ക് ഭക്ഷണത്തിനായി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്ഷണ വിതരണം മോണിറ്റര്‍ ചെയ്യുന്നതിന് നടപ്പാക്കിയ സംവിധാനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) ശാസ്ത്രീയ പരിശീലനത്തിന് പുതിയതായി സജ്ജീകരിച്ച സംവിധാനങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കായിക വിദ്യാര്‍ത്ഥികള്‍ക്ക് സൗകര്യങ്ങള്‍**

5310 **ശ്രീ. മോന്‍സ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്തെ കായിക വിദ്യാര്‍ത്ഥികളുടെ മെസ് അലവന്‍സ് ഇപ്പോള്‍ എത്ര രൂപയാണ്; ഇത് വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ;**

(ബി) **ഗുണനിലവാരമുള്ള സ്പോര്‍ട്സ് ഉപകരണങ്ങള്‍ വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
# 05.07.2012 -ലെ മറുപടിക്ക്

## കേരളത്തിലെ പൊതു കളി സ്ഥലങ്ങൾ

5311 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രത കാരണവും മറ്റ് കാരണങ്ങളാലും പൊതുകളി സ്ഥലങ്ങൾ കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളി സ്ഥലങ്ങളും മൈതാനങ്ങളും നഷ്ടമായി കൊണ്ടിരിക്കുന്നതിനാൽ കുട്ടികൾക്ക് കളികളിലും കായിക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സാധിക്കാതെ കായിക ക്ഷമത കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുട്ടികളിലെ കായിക ക്ഷമത പരിപോഷിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ ടോട്ടൽ ഫിറ്റ്നസ് പ്രോഗ്രാം മാതൃകയിൽ ദരിദ്ര വിഭാഗത്തിലുളള കായികാഭിരുചിയുളള കുട്ടികളെ കണ്ടെത്തി കായികശേഷി വളർത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ഈ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് പൊതുകളിസ്ഥലങ്ങളും മൈതാനങ്ങളും ഇല്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലവും മൈതാനവും നിർമ്മിക്കാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പഞ്ചായത്തുകളിൽ ലഭ്യമാകുന്ന പുറംപോക്ക് സ്ഥലം കൂടി ഉപയോഗപ്പെടുത്തി കളി സ്ഥലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

## വ്യായാമം പ്രോത്സാഹിപ്പിക്കാൻ പദ്ധതി

5312 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യായാമവും കായികാദ്ധ്യാനവും പ്രോത്സാഹിപ്പിക്കുന്നതിന് ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന ''ഹോം ജിം'' പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ;

(ബി) ഗൃഹാന്തരീക്ഷത്തിൽ തന്നെ വ്യായാമം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>പരമ്പരാഗത ആയോധന വിദ്യാ</u>**
**<u>പരിശീലന കേന്ദ്രങ്ങൾ</u>**

**5313 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പരമ്പരാഗത ആയോധന വിദ്യകളായ കളരിപ്പയറ്റും മറ്റും പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;**

(ബി) **പരമ്പരാഗത ആയോധന വിദ്യകൾ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ;**

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**വടകരയിലെ കളരി അക്കാദമി**

**5314 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകരയിൽ സ്ഥാപിക്കപ്പെട്ട കളരി അക്കാദമിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കളരി അക്കാദമി സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അക്കാദമിക്ക് എവിടെയെങ്കിലും ശാഖ അനുവദിച്ചിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ ഉദ്ദേശ്യം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) അക്കാദമിയുടെ പുരോഗതിക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം</u>

5315 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് സർക്കാർ ബജറ്റിൽ നീക്കി വച്ച തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ അനുവദിക്കുമോ; സർക്കാർ സഹായം ലഭിക്കാതെ സ്റ്റേഡിയം പണി സ്തംഭിക്കുന്ന സാഹചര്യമുണ്ടോ; പണി പൂർത്തിയാക്കാൻ സഹായം ലഭ്യമാക്കുമോ;

(ബി) സ്റ്റേഡിയം നിർമ്മാണത്തിന് കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സാമ്പത്തിക സഹായം വാഗ്ദാനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് വാഗ്ദാനം ചെയ്തത്; പ്രസ്തുത തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക നൽകാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി സ്റ്റേഡിയം പുനർനവീകരണം**

5316 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയം മഹാത്മാഗാന്ധിയുടെ സ്മാരകമായി നാമകരണം ചെയ്ത് പരിരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ പുൽത്തകിടിയും മറ്റ് ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ വികസനം സംബന്ധിച്ച് കൊയിലാണ്ടി നഗരസഭയും ജില്ലാകളക്ടറും തമ്മിൽ എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഇരിങ്ങൽ സ്പോർട്സ് ക്ലബ്ബ്**

**5317 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം ഗ്രാപഞ്ചായത്തിൽ ഉൾപ്പെടുന്ന ഇരിങ്ങൽ സ്പോർട്സ് ക്ലബ്ബിന് കളിസ്ഥല വികസനത്തിനായി സ്പോർട്സ് കൗൺസിൽ മുഖാന്തിരം മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച 2 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം**

5318 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 മുതലുള്ള മൂന്ന് വർഷങ്ങളിലെ ബഡ്ജറ്റിൽ ഇതിനായി എന്ത് തുക വീതം നീക്കിവെച്ചിരുന്നുവെന്നും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) സിവിൽ ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കാൻ ഇനിയും എന്ത് തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാഡമി**

5319 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഫുട്ബോൾ രംഗത്ത് ശക്തമായ സാന്നിദ്ധ്യം കാഴ്ചവയ്ക്കുന്ന നിരവധി ദേശീയ അന്തർദേശീയ താരങ്ങളുള്ള കാസർഗോഡ് ജില്ലയിൽ ഒരു ഫുട്ബോൾ പരിശീലന അക്കാഡമി ആരംഭിക്കുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>ചലച്ചിത്രോത്സവത്തിന് സ്ഥിരം കാമ്പസ്</u>**

**5320** **ശ്രീ. കെ. വി. വിജയദാസ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ)** **അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് സ്ഥിരമായി ഒരു കാമ്പസ് എന്ന ആശയം പരിഗണനയിലുണ്ടോ ;**

**(ബി)** **ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ചലച്ചിത്ര അവാർഡുകൾ സംബന്ധിച്ച പരാതി</u>

5321 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചലച്ചിത്ര അവാർഡുകൾ നൽകുന്നത് സംബന്ധിച്ച് ഉയർന്നുവരുന്ന വിവാദങ്ങൾ പരിശോധിക്കുവാനും നിലവിലുള്ള നിയമാവലിയിൽ മാറ്റം വരുത്താനും ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**പന്തൽ, ഡെക്കറേഷൻ, ലൈറ്റ് & സൗണ്ട് ഉടമകൾക്ക് ക്ഷേമനിധി**

**5322 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സാംസ്കാരിക ക്ഷേമനിധി രൂപീകരിച്ചപ്പോൾ ആയതിൽ ഉൾപ്പെടുത്തിയിരുന്ന സംസ്ഥാനത്തെ 15000 ത്തോളം വരുന്ന പന്തൽ, ഡെക്കറേഷൻ, ലൈറ്റ് & സൗണ്ട് ഉടമകളെ പുതിയ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത ക്ഷേമ നിധിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഒഴിവാക്കിയ ഈ വിഭാഗത്തിന് മറ്റ് ക്ഷേമനിധികൾ ആരംഭിക്കുന്നതിനോ അല്ലെങ്കിൽ ഇവരെ കൂടി ഉൾപ്പെടുത്തി ക്ഷേമനിധി പുതുക്കി നിശ്ചയിക്കുന്നതിനോ നടപടികൾ സ്വീകരിക്കുമോ?